

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ

## 19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും

സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

19 കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും . . . . . . . . 1

# 19

# കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും

1885-ലാണ് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് ജനിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽത്തന്നെ കേരളത്തിൽനിന്നുള്ള ചില പ്രതിനിധികൾ കാൺഗ്രസ്സിന്റെ വാർഷികസമ്മേളനങ്ങളിൽ പങ്കെടുക്കുക പതിവായിരുന്നു. അമരാവതിയിൽവച്ചു കൂടിയ കാൺഗ്രസ്സിന്റെ പതിമൂന്നാമത്തെ വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് ഒരു കേരളീയനായ ചേറ്റൂർ ശങ്കരൻ നായരായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംവരെയും കേരളത്തിൽ പറയത്തക്ക കാൺഗ്രസ്സ് പ്രവർത്തനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. 1903ലാണ് കേരളത്തിൽ ആദ്യമായി സേലം വിജയരാഘവാചാരിയുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട്ടുവച്ച് ഒരു സമ്മേളനം കൂടിയത്. പക്ഷേ, അപ്പോഴും സംഘടിതമായ രാഷ്ട്രീയ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചുകഴിഞ്ഞിരുന്നില്ല.

1905-ൽ ബങ്കാൾ വിഭജനത്തെ തുടർന്ന് ഇൻഡ്യയിൽ ഒട്ടുക്കും ഉണ്ടായ പ്രക്ഷോഭണങ്ങളുടെ അലകൾ കേരളീയരുടെ ഹൃദയങ്ങളിലും ചലനങ്ങൾ ഉണ്ടാക്കി. അതിനുശേഷമാണ് ഇവിടെ കോൺഗ്രസ്സ് പ്രസ്ഥാനമാരംഭിച്ചത്. 1910 ആരംഭത്തോടുകൂടി മലബാറിൽ ഒരു ഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മിറ്റി രൂപവൽക്കരിക്കപ്പെട്ടതായി കാണുന്നുണ്ട്. പക്ഷേ, നാട്ടുകാർക്കിടയിൽ സജീവമായ പ്രവർത്തനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല.

1914-ലാണ് ഈ സ്ഥിതിക്ക് ഒരു മാറ്റം വന്നത്. യുദ്ധം ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിന്റെ പാപ്പരത്തത്തെ തുറന്നു കാണിച്ചു. ഇൻഡ്യയുടെ സാമ്പത്തികവും, സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായി. യുദ്ധത്തിന്റെ ആവശ്യങ്ങൾ ഇൻഡ്യൻ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് തെല്ലൊരു പ്രചോദനം നൽകി. അപ്പോഴും ബ്രിട്ടീഷ് മേധാവികൾ അവയെ ഞെക്കിക്കൊല്ലാനാണ് ശ്രമിച്ചത്. താങ്ങാനാവാത്ത നികുതികളും നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവും ജനങ്ങളുടെ ജീവിതത്തെ താറുമാറാക്കുവാൻ തുടങ്ങി. ജനങ്ങളുടെ അസംതൃപ്തിയും രാഷ്ട്രീയബോധവും പതിന്മടങ്ങ് വർദ്ധിച്ചു. രാജ്യരക്ഷാനിയമത്തിന്റെ മർദ്ദനസംവിധാനങ്ങൾ ജനങ്ങളുടെ ബ്രിട്ടീഷ് വിരോധത്തെ മൂർച്ഛിപ്പിക്കുവാനേ ഉപകരിച്ചുള്ളൂ. 1916-ൽ ലോകമാന്യതിലകൻറേയും ആനിബസൻറിൻറേയും നേതൃത്വത്തിൽ "ഹോംറൂൾ" പ്രസ്ഥാനം ആരംഭിച്ചു. 1916-ൽ ലക്നോ കോൺഗ്രസ്സ് സമ്മേളനത്തിൽവച്ച് കോൺഗ്രസ്സിനുള്ളിലെ മിതവാദികളും തീവ്രവാദികളും വീണ്ടും യോജിപ്പിലെത്തി. അതേകൊല്ലത്തിൽത്തന്നെ "സാമ്രാജ്യത്തിനുള്ളിൽ സ്വയംഭരണം നേടുക" എന്ന പൊതുലക്ഷ്യത്തിനുവേണ്ടി കോൺഗ്രസ്സും മുസ്ലീംലീഗും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായി.

ഈ സംഭവവികാസങ്ങളെല്ലാം ഇൻഡ്യൻ ജനതയുടെ രാഷ്ട്രീയബോധത്തെ തട്ടിയുണർത്തി.

1916-ൽത്തന്നെ കേരളത്തിലെ കോഴിക്കോട് പട്ടണത്തിൽ ഒരു സംഭവമുണ്ടായി: ടൗൺഹാളിൽ കളക്ടർ ഇന്നിസ്സിന്റെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം നടന്നു കൊണ്ടിരിക്കുകയാണ്. ഡിസ്ട്രിക്ട് ജഡ്ജി, പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥന്മാരും ചില നാട്ടുപ്രമാണികളും പ്ലാറ്റ് ഫാറത്തിൽ ഇരിക്കുന്നുണ്ട്. യുദ്ധഫണ്ടിലേയ്ക്ക് പൊതുജനങ്ങളുടെ വകയായി ഒരു പണക്കിഴി സമ്മാനിക്കാൻ തീരുമാനിച്ചു കൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു. പ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിക്കാൻ ശ്രീ. കെ. പി. കേശവമേനോൻ എഴുന്നേറ്റുനിന്നു. മലയാളത്തിലാണ് പ്രസംഗം തുടങ്ങിയത്. കളക്ടർ ഉടനെ അത് വിലക്കി. ഒരു മലയാളി മലയാളത്തിൽ പ്രസംഗിക്കുകയോ? മലയാളത്തിൽ പ്രസംഗിക്കാൻ തനിക്ക് അവകാശമുണ്ടെന്ന് കേശവമേനോൻ; പാടില്ലെന്ന് കളക്ടർ. കളക്ടറുടെ തീരുമാനത്തിൽ പ്രതിഷേധിച്ച് കേശവമേനോൻ ഒരു ഇറങ്ങിപ്പോക്ക് നടത്തി. അതോടെ മറ്റു വളരെപ്പേരും യോഗസ്ഥലംവിട്ട് ഇറങ്ങിപ്പോയി. അതൊരു പ്രക്ഷോഭജനകമായ സംഭവമായിത്തീർന്നു. നാട്ടിലെങ്ങും ദേശാഭിമാനം അലയടിക്കാൻ തുടങ്ങിയതിന്റെ ഒരു അടയാളമായിരുന്നു അത്.

യുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ കാരണം മലബാറിലെ രാഷ്ട്രീയപ്രസ്ഥാനത്തിന് ഒരു പുതിയ ജീവൻ വച്ചു. ടൗൺ ഹാൾ സംഭവത്തിന് മുമ്പുതന്നെ ഹോം റൂൾ ലീഗിന്റെ ഒരു ശാഖ മലബാറിലും സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മിറ്റി കൂടുതൽ സജീവമായിത്തീർന്നു. കേശവമേനോനായിരുന്നു രണ്ട് സംഘടനകളുടേയും സെക്രട്ടറി. കോൺഗ്രസ്സിൻറേയും, ഹോം റൂൾ ലീഗിന്റെയും ആഭിമുഖ്യത്തിൽ ഉൾനാടുകളിൽ അനേകം പൊതുയോഗങ്ങൾ കൂടി. രണ്ട് സംഘടനകളുടേയും ശാഖകൾ പലയിടത്തും സ്ഥാപിക്കപ്പെട്ടു. അങ്ങിനെ മലബാറിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഒരു പുതിയ ഘട്ടത്തിലേയ്ക്ക് ഉയർന്നു.

1916 മേയ് മാസത്തിൽ പാലക്കാട്ടുവച്ച് ആനിബസൻറിന്റെ അദ്ധ്യക്ഷതയിൽ ഒരു രാഷ്ട്രീയ സമ്മേളനം നടന്നു. ജില്ലാ അടിസ്ഥാനത്തിൽ കേരളത്തിൽ നടന്ന ഒന്നാമത്തെ രാഷ്ട്രീയ സമ്മേളനമായിരുന്നു അത്. അതിനുശേഷം കൊല്ലംതോറും വിഭിന്ന സ്ഥലങ്ങളിൽവച്ച് കോൺഫറൻസുകൾ കൂടുക പതിവായിത്തീർന്നു.

ആദ്യകാലത്തെ കോൺഗ്രസ്സ് സമ്മേളനങ്ങളിൽ ജന്മികളും മറ്റു ധനാഢ്യന്മാരും സജീവമായി പങ്കെടുക്കുകയുണ്ടായി. കൊല്ലംകോട് വാസുദേവരാജാവായിരുന്നു ഒന്നാം സമ്മേളനത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷൻ. കോഴക്കോട്ടുവച്ച് കൂടിയ രണ്ടാം സമ്മേളനത്തിൽ സി.പി. രാമസ്വാമിഅയ്യരെ അദ്ധ്യക്ഷസ്ഥാനത്തേയ്ക്ക് ക്ഷണിച്ചത് സാമൂതിരിരാജാവാണ്. കുതിരവട്ടത്ത് കുഞ്ഞുക്കുട്ടൻ തമ്പാനാണ് അതിനെ പിൻതാങ്ങിയത്. 1918-ൽ തലശ്ശേരിയിൽവച്ചു കൂടിയ മൂന്നാം സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ബങ്കനപ്പള്ളിയിലെ ജമീൻദാരായമിർ ആസാദ് ആലിഖാൻ ബഹദൂർ ആണ്. ചിറയ്ക്കൽ രാമവർമ്മ വലിയ രാജാവായിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ. അദ്ധ്യക്ഷൻ മാത്രമല്ല, സ്വാഗതസംഘാദ്ധ്യക്ഷനും ഇംഗ്ലീഷിലാണ് പ്രസംഗിച്ചത്. വടകരവച്ച് ശ്രീ. കെ. പി. രാമൻമേനോന്റെ അദ്ധ്യക്ഷതയിൽക്കൂടിയ നാലാം സമ്മേളനത്തിന്റെ പ്രധാന ഭാരവാഹികൾ ശ്രീ. ഈ. കെ. ശങ്കരവർമ്മരാജാ, ശ്രീ. രാമവർമ്മ രാജാ മുതലായവരായിരുന്നു.

പ്രമേയങ്ങൾ പരിശോധിച്ചാലും ഈ ദൗർബല്യങ്ങൾ കാണാം. ജനങ്ങളുടെ ദേശാഭിമാനത്തെ പ്രതിഫലിപ്പിക്കുന്ന പല പ്രമേയങ്ങളും പാസ്സാക്കപ്പെട്ടിരുന്നുവെന്നത് ശരിയാണ്. നിയമസഭയിൽ കൂടുതൽ പ്രാതിനിധ്യം അനുവദിക്കാനും, തദ്ദേശഭരണസഭകളെ വിപുലീകരിക്കുവാനുമുള്ള അഭ്യർത്ഥനകൾ, കാളേജുകൾ തുറക്കാനും ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുവാനുമുള്ള അപേക്ഷകൾ, ജനങ്ങളോട് കൂടുതൽ ഉത്തരവാദിത്വമുള്ള ഭരണകൂടം സ്ഥാപിക്കുവാനും പുതുതായി ഒരു ഭരണപരിഷ്ക്കാരനിയമം ആവിഷ്ക്കരിക്കുവാനുള്ള അഭ്യർത്ഥന, വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാനുള്ള അപേക്ഷ, മർദ്ദന നിയമങ്ങൾ പ്രത്യേകിച്ചും മലബാറിലെ മാപ്പിളനിയമം റദ്ദാക്കാനുള്ള അഭ്യർത്ഥന—ഇങ്ങിനെ പലതും പ്രമേയങ്ങളിൽ ഉൾപ്പെട്ടിരുന്നു.

എന്നാൽ, അതോടൊപ്പം തന്നെ, അടിമത്തബോധത്തിന്റെ പ്രകടനങ്ങളുമുണ്ടായിരുന്നു. ഒന്നാം സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളിൽ ഒന്ന് നായന്മാരെ ചേർത്ത് ഒരു പ്രത്യേക പട്ടാളം ഏർപ്പെടുത്തിയതിന് ഗവൺമെൻറിനോട് നന്ദി പറഞ്ഞുകൊണ്ടുള്ളതായിരുന്നു. രണ്ടാം സമ്മേളനം പാസ്സാക്കിയ പ്രധാന പ്രമേയങ്ങളിൽ ഒന്നിൽ "ഈ ജില്ലയിലെ രാജഭക്തരായ ജനങ്ങൾ യുദ്ധക്കളത്തിലേയ്ക്ക് അവരുടെ കഴിവിനനുസരിച്ച് ധാരാളം പണം കൊടുക്കേണ്ടതാണ്" എന്നാവശ്യപ്പെട്ടു. മറ്റൊരു പ്രമേയത്തിൽ "ഇൻഡ്യൻ ഡിഫൻസ് ഫോഴ്സിൽ ഇൻഡ്യാക്കാരായ യുവാക്കന്മാരെ വാളൻഡിയറന്മാരായി ചേരുവാൻ അനുവദിച്ചതിന് നന്ദി രേഖപ്പെടുത്തി. നാലാം സമ്മേളനത്തിലെ ഒന്നാമത്തെ പ്രമേയം രാജഭക്തി പ്രഖ്യാപിക്കുന്നതായിരുന്നു. ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷു സാമ്രാജ്യത്തിന് സിദ്ധിച്ച വിജയത്തിൽ സമ്മേളനം സന്തോഷം പ്രകടിപ്പിച്ചു.

ഇൻഡ്യയുടെ ഒട്ടാകെയുള്ള ചിത്രം പരിശോധിച്ചാലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. വിലവർദ്ധനവും പട്ടിണിയും കഷ്ടപ്പാടും ഒരു കോടിയിലധികം ആളുകളുടെ മരണത്തിന് ഇടയാക്കിയ ഇൻഫ്ളുവൻസാ തുടങ്ങിയ പകർച്ച വ്യാധികളും ജനങ്ങളുടെ അസംതൃപ്തിയെ വർദ്ധിപ്പിച്ചുവെന്നത് ശരിയാണ്. പഞ്ചാബിലും മറ്റു ചില സ്ഥലങ്ങളിലും ഖദർപ്രസ്ഥാനംപോലുള്ള വിപ്ലവപ്രസ്ഥാനങ്ങൾ പൊന്തിവന്നുവെന്നതും ശരിയാണ്. പക്ഷേ, അതെല്ലാം നിർദ്ദയം അടിച്ചമർത്തപ്പെടുകയാണ് ചെയ്തത്. കോൺഗ്രസ്സ് നേതാക്കന്മാരിൽ ഒരു വലിയ വിഭാഗത്തിന് അപ്പോഴും ബ്രിട്ടീഷു ഗവൺമെൻറിന്റെ നീതിബോധത്തിൽ വലിയ വിശ്വാസമാണ് ഉണ്ടായിരുന്നത്. വാർഷിക സമ്മേളനങ്ങളിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളിൽ രാജഭക്തിയും യുദ്ധത്തിൽ ബ്രിട്ടന് പിന്തുണയും പ്രഖ്യാപിക്കുക പതിവായിരുന്നു. 1918-ൽ യുദ്ധം അവസാനിച്ചയുടനെ ഡെൽഹിയിൽവച്ചുകൂടിയ സമ്മേളനത്തിൽപ്പോലും രാജാവിനോടുള്ള ഭക്തിയും 'യുദ്ധത്തിന്റെ വിജയകരമായ പര്യവസാന"ത്തിൽ അഭിനന്ദനവും രേഖപ്പെടുത്തിയിരുന്നു. ബ്രിട്ടൻ ചെറുകിടരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് യുദ്ധത്തിൽ ഇടപെട്ടതെന്നും അതുകൊണ്ട് യുദ്ധാവസാനത്തിൽ ഇൻഡ്യയ്ക്ക് സാമ്രാജ്യത്തിനുള്ളിൽ സ്വതന്ത്രമായ ഒരു പദവി ലഭിക്കുമെന്നുമുള്ള വിശ്വാസമായിരുന്നു ഇതിനു കാരണം. എന്നാൽ ബ്രിട്ടീഷു സാമ്രാജ്യവാദികൾ കോൺഗ്രസ്സിനെ വഞ്ചിക്കുകയാണ് ചെയ്തത്. യുദ്ധം അവസാനിച്ചപ്പോൾ സ്വാതന്ത്ര്യമല്ല, റൗലറ്റ് ആക്റ്റുപോലുള്ള മർദ്ദന നിയമങ്ങളും ജാലിയൻവാല ബാഗിലെ ബീഭത്സമായ കൂട്ടക്കൊലയുമാണ് ഇൻഡ്യയ്ക്ക് അവർ നൽകിയത്. ഇൻഡ്യയുടെ പുരോഗതിക്കുവേണ്ടിയുള്ള ഏത് പരിശ്രമത്തേയും നിർദ്ദയം അടിച്ചമർത്താനുള്ള ഒരുക്കങ്ങളാണ് അവർ നടത്തിയത്. ഈ വിശ്വാസവഞ്ചന മിക്ക കോൺഗ്രസ്സ് നേതാക്കന്മാരുടേയും സ്വാതന്ത്ര്യബോധത്തെ ശുണ്ഠിപിടിപ്പിച്ചു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അസംതൃപ്തി പരന്നുപിടിച്ചു. ഈ പരിതഃസ്ഥിതിയിലാണ് മഹാത്മാഗാന്ധി കോൺഗ്രസ്സിന്റെ നേതൃത്വം ഏറ്റെടുത്തത്.

1918-ന്റെ അവസാനത്തിൽത്തന്നെ ഇൻഡ്യാസെക്രട്ടറി മൊണ്ടേഗുപ്രഭുവും ഇൻഡ്യാ വൈസ്രോയി ചെംസ്ഫോർഡ് പ്രഭുവും കൂടി തയ്യാറാക്കിയ ഒരു ഭരണപരിഷ്ക്കാര റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. പ്രധാനപ്പെട്ട ഭരണഡിപ്പാർട്ടുമെൻറുകളൊക്കെ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ കൈയിൽത്തന്നെ നിലനിറുത്തുകയും അപ്രധാനങ്ങളായ ചില ഡിപ്പാർട്ടുമെൻറുകൾ മാത്രം ഇൻഡ്യക്കാരായ മന്ത്രിമാർക്ക് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരുതരം ദ്വിഭരണവ്യവസ്ഥയായിരുന്നു റിപ്പോർട്ടിലെ ഉള്ളടക്കം. 1919-ൽ അതു നിയമമായിത്തീർന്നു.

ഈ പുതിയ നിയമത്തിൽ പുരോഗമനപരമായ പലതും അടങ്ങിട്ടുണ്ടെന്നും അതുകൊണ്ട് അത് സ്വീകാര്യമാണെന്നും ചില കോൺഗ്രസ്സ് നേതാക്കന്മാർ വാദിച്ചു. അതൊട്ടും തന്നെ തൃപ്തികരമല്ലെന്നും അതുകൊണ്ട് ഒരിക്കലും അത് സ്വീകരിച്ചു കൂടാ എന്നും മറ്റുള്ളവരും വാദിച്ചു. രണ്ടാമത് പറഞ്ഞവരുടെ അഭിപ്രായത്തിനാണ് ജനങ്ങൾക്കിടയിൽ കൂടുതൽ പിൻതുണ ലഭിച്ചത്. രണ്ട് വിഭാഗക്കാരും തമ്മിൽ തീവ്രമായ വാദപ്രതിവാദങ്ങൾ ആരംഭിച്ചു. രാഷ്ട്രീയമായ ഒരു കോളിളക്കത്തിന്റെ മുന്നോടിയായിരുന്നു അവ.

ഇങ്ങനെ, ഇൻഡ്യയിലൊട്ടുക്കും പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞ ഒരു സന്ദർഭത്തിലാണ്, 1920 ഏപ്രിൽ മാസത്തിൽ മഞ്ചേരിയിൽവച്ച് അഞ്ചാമത്തെ അഖില മലബാർ സമ്മേളനം കൂടിയത്. മലബാറിന്റെ നാനാഭാഗത്തുനിന്നും പ്രതിനിധികളായിട്ടുതന്നെ 1,300-ഓളം പേർ അതിൽ സന്നിഹിതരായിരുന്നു.

സ്വാഭാവികമായി, പുതിയ ഭരണപരിഷ്ക്കാരങ്ങൾ സജീവമായ ചർച്ചകൾക്കും തീവ്രമായ വാദപ്രതിവാദങ്ങൾക്കും വിധേയമായി. ഇവിടെയും രണ്ട് വിഭാഗക്കാരുണ്ടായിരുന്നു. ഭരണപരിഷ്ക്കാരങ്ങളുമായി സഹകരിക്കണമെന്ന് വാദിച്ചവരും അവയെ തള്ളിക്കളയണമെന്ന് വാദിച്ചവരും. ചൂടുപിടിച്ച വാദപ്രതിവാദമാണ് നടന്നത്. "പൂർണ്ണമായ ഉത്തരവാദിത്വ ഭരണത്തിന് ഇൻഡ്യ തികച്ചും പ്രാപ്തയാണെന്നും മൊണ്ടേഗുവിന്റെ ഭരണപരിഷ്ക്കാരത്തിൽ ഇൻഡ്യയുടെ മേൽപ്പറഞ്ഞ ന്യായമായ അവകാശത്തെ അവഗണിച്ചിരിക്കുന്നുവെന്നും അതിനാൽ ഈ പുതിയ പരിഷ്ക്കാരം അതൃപ്തികരവും ഇച്ഛാഭംഗ ജനകവുമാണെ"ന്നുമുള്ള ഒരു പ്രമേയം ശ്രീ കെ.പി. രാമൻ മേനോൻ അവതരിപ്പിച്ചു. ആനിബസൻറിന്റെ നേതൃത്വത്തിൽ ചിലർ അതിനെ ശക്തിയായി എതിർത്തു. അതൃപ്തികരവും ഇച്ഛാഭൂഗജനകവുമാണെന്നുള്ള ഭാഗം എടുത്തുകളയണമെന്ന് അവർ ആവശ്യപ്പെട്ടു. വോട്ടിനിട്ടപ്പോൾ പ്രമേയം വമ്പിച്ച ഭൂരിപക്ഷത്തോടെ പാസ്സായി. ഭരണപരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ സഹായിച്ച മൊണ്ടേഗുപ്രഭുവിനോടും സിന്ഹാപ്രഭുവിനോടും കൃതജ്ഞത പറയുന്ന മറ്റൊരു പ്രമേയം തള്ളപ്പെട്ടു.

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ഒരു വഴിത്തിരിവിനെക്കുറിക്കുന്ന മഞ്ചേരി സമ്മേളനത്തിൽ വച്ചുതന്നെയാണ് ജന്മികളുടേയും, കൃഷിക്കാരുടേയും പ്രതിനിധികൾ തമ്മിൽ ആദ്യമായി ഒരു സംഘട്ടനം ഉണ്ടായത്. കുടിയാന്മാരുടെ താൽപ്പര്യങ്ങളേയും ന്യായമായ അവകാശങ്ങളേയും സംരക്ഷിക്കാൻ ഉതകുന്ന ഒരു നിയമനിർമ്മാണം ആവശ്യമാണെന്നുള്ള ഒരു പ്രമേയം ശ്രീ കെ. പി. രാമൻമേനോൻ അവതരിപ്പിച്ചു. ശ്രീ. കെ.സി. വീരരായൻ രാജാ, ശ്രീ മണ്ണാർക്കാട് മൂപ്പിൽനായർ, ശ്രീ ഉദയവർമ്മ രാജാ, മുതലായവർ അതിനെ കഠിനമായി എതിർത്തു. ഭൂമി ജന്മികളുടെ സ്വകാര്യ സ്വത്താണെന്നും ജന്മികളുടെ അവകാശാധികാരങ്ങളെ നിയന്ത്രിക്കുന്ന യാതൊരു നടപടിയും ന്യായമല്ലെന്നും അവർ വീറോടെ വാദിച്ചു. പക്ഷേ, വോട്ടിനിട്ടപ്പോൾ ഈ പ്രമേയവും വമ്പിച്ച ഭൂരിപക്ഷത്തോടെ പാസ്സായി.

മഞ്ചേരി സമ്മേളനത്തോടുകൂടി മലബാറിലെ രാഷ്ട്രീയാന്തരീക്ഷമാകെ ഇളകിമറിയാൻ തുടങ്ങി.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടിഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014